## പതിമൂന്നാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.184 — 18.03.2013 ന് മറുപടിയ്ക്ക്

### പരിസ്ഥിതിലോല മേഖലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) പ്രൊഫ. മാധവ് ഗാഡ്ഗിൽ റിപ്പോർട്ടു പ്രകാരം 17 താലൂക്കുകൾ അതീവ പരിസ്ഥിതിലോല മേഖലകളായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള വനം വകുപ്പിന്റെ നിലപാട് വ്യക്തമാക്കുമോ; | (എ) പ്രൊഫ. മാധവ്ഗാഡ്ഗിൽ റിപ്പോർട്ടു പ്രകാരം കേരളത്തിൽ 17 താലൂക്കുകളെ അതീവ പരിസ്ഥിതിലോല പ്രദേശങ്ങളായി നോട്ടിഫൈ ചെയ്തിട്ടില്ല, മറിച്ച് പ്രൊഫ. മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിൽ 17 താലൂക്കുകളെ (15 താലൂക്കുകളെ Ecologically Sensitive Zone -1 ലും, 2 താലൂക്കുകളെ Ecologically Sensitive Zone-2 ലും) ഉൾപ്പെടുത്തി അതീവ പരിസ്ഥിതിലോല പ്രദേശങ്ങളായി പ്രഖ്യാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടേയുള്ളൂ. ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും അഭിപ്രായം കൂടി ആരാഞ്ഞശേഷം ഒരു തീരുമാനമെടുക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തുവാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ; | (ബി) പ്രൊഫ. മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിനെ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുവാനായി കേന്ദ്ര സർക്കാർ ഡോ.കസ്തൂരിരംഗന്റെ നേതൃത്വത്തിൽ ഒരു ഹൈ പവർ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. വനം വകുപ്പ് പ്രത്യേകമായി ഇതിനെ സംബന്ധിച്ച് പഠനം നടത്തുന്നില്ല. |
| (സി) പൈതൃകസംരക്ഷണ പദ്ധതിയിൽ നിന്നും പ്രസ്തുത 17 താലൂക്കുകളെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) പൈതൃകസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളുടേയും അവ ഉൾപ്പെടുന്ന താലൂക്കുകളുടേയും ലിസ്റ്റ് ചുവടെ ചേർക്കുന്നു. മേൽ പ്രദേശങ്ങളിൽ തന്നെ പ്രൊഫ. മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങൾ ഉൾപ്പെടുന്ന 17 താലൂക്കുകളിൽ തൊടുപുഴ, മുകുന്ദപുരം, വൈത്തിരി, മാനന്തവാടി, സുൽത്താൻബത്തേരി, കാഞ്ഞിരപ്പള്ളി, തൃശ്ശൂർ എന്നീ താലൂക്കുകൾ |

പൈതൃക സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുന്നില്ല. പ്രൊഫ. മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് പ്രകാരം അതീവ പരിസ്ഥിതി ദുർബല പ്രദേശങ്ങളായി നിർദ്ദേശിച്ചിട്ടുള്ള താലൂക്കുകളിൽ പൈതൃക സംരക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട താലൂക്കുകളെ ഒഴിവാക്കുന്നതിന് വനം വകുപ്പ് ഉദ്ദേശിക്കുന്നില്ല.

| സബ്ക്ലസ്റ്ററിന്റെ പേര് | സബ്ക്ലസ്റ്ററിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ | സബ്ക്ലസ്റ്റർ ഉൾപ്പെടുന്ന താലൂക്ക്. |
|---|---|---|
| 1. അഗസ്ത്യമല സബ്ക്ലസ്റ്റർ | 1. ശെന്തുരുണി വൈൽഡ് ലൈഫ് സാങ്ച്വറി<br>2. നെയ്യാർ വൈൽഡ് ലൈഫ് സാങ്ച്വറി<br>3. പേപ്പാറ വൈൽഡ് ലൈഫ് സാങ്ച്വറി<br>4. കുളത്തൂപ്പുഴ റെയിഞ്ച്<br>5. പാലോട് റെയിഞ്ച് | പത്തനാപുരം<br>നെടുമങ്ങാട് & നെയ്യാറ്റിൻകര<br>നെടുമങ്ങാട്<br>പത്തനാപുരം & നെടുമങ്ങാട്<br>നെടുമങ്ങാട് |
| 2. പെരിയാർ സബ്ക്ലസ്റ്റർ | 6. പെരിയാർ ടൈഗർ റിസർവ്വ്<br>7. റാന്നി ഡിവിഷൻ<br>8. കോന്നി ഡിവിഷൻ<br>9. അച്ചൻകോവിൽ ഡിവിഷൻ | ഉടുമ്പൻചോല & പീരുമേട്<br>റാന്നി & പത്തനംതിട്ട<br>പത്തനംതിട്ട & പത്തനാപുരം<br>പത്തനാപുരം |
| 3. ആനമല സബ്ക്ലസ്റ്റർ | 10. ഇരവികുളം നാഷണൽ പാർക്ക്<br>11. മാങ്കുളം ഡിവിഷൻ<br>12. ചിന്നാർ വൈൽഡ് ലൈഫ് സാങ്ച്വറി<br>13. മന്നവൻ ചോല<br>14. കരിയൻ ചോല | ദേവികുളം<br>ദേവികുളം & ഉടുമ്പൻചോല<br>ദേവികുളം<br>ഉടുമ്പൻചോല<br>ചിറ്റൂർ |
| 4. നീലഗിരി സബ്ക്ലസ്റ്റർ | 15. സൈലന്റ്‌വാലി നാഷണൽ പാർക്ക്<br>16. അമരമ്പലം റിസർവ്വ് ഫോറസ്റ്റ്<br>17. കാളികാവ് റെയിഞ്ച്<br>18. അട്ടപ്പാടി റിസർവ്വ് ഫോറസ്റ്റ് | മണ്ണാർക്കാട്<br>നിലമ്പൂർ<br>നിലമ്പൂർ<br>മണ്ണാർക്കാട് |
| 5. തലക്കാവേരി സബ്ക്ലസ്റ്റർ | 19. ആറളം വൈൽഡ് ലൈഫ് സാങ്ച്വറി | തലശ്ശേരി. |

സെക്ഷൻ ഓഫീസർ